കേൾക്കേണ്ട ശബ്ദം:
രാജ്യത്തിന്റെ നിയന്ത്രണം സംഘ പരിവാറിന്റെ സ്വകാര്യ സേനകൾ ഏറ്റെടുത്തിരിക്കുകയാണ്. അതിന് സർക്കാർ ഒത്താശ ചെയ്തുകൊടുക്കുകയാണ്.
– സീതാറാം യെച്ചൂരി.

മക്തബ്

1194 ചിങ്ങം 26 | 1439 മുഹർറം 1

സാമൂഹ്യവിരുദ്ധരുടെ ഒളിത്താവളമാകരുത് പാർട്ടികൾ

" എന്റെ ശരീരം നിന്റെ പോർക്കളമല്ല / ഞാനനുവദിക്കാത്തിടത്ത് കൈവയ്ക്കാൻ / ധൈര്യം വന്നോ നിനക്ക്?" അമേരിക്കൻ അറബ് കവയിത്രി മൊഹജാ കാഫിന്റെ 'എന്റെ ശരീരം നിന്റെ പോർക്കളമല്ല' എന്ന കവിതയിലെ വരികളാണ്. ഇത് ലോകത്തിലെ സ്ത്രീകൾ ഏറ്റുപാടേണ്ട കവിതയാണ്. അങ്ങനെയൊരു സംഘ ഗാനം എല്ലാ മേഖലകളിലും ഉയർന്നു പാടുമ്പോൾ പുരുഷമേധാവിത്വത്തിന്റെ അധികാരഘടന തകർക്കപ്പെടും. എന്നാൽ രാഷ്ട്രീയ പാർട്ടികളുമായി ബന്ധപ്പെട്ട സ്ത്രീ സംഘടനകൾ പോലും സ്ത്രീ സ്വാതന്ത്ര്യത്തെ പുരുഷകേന്ദ്രീകൃതമായ രാഷ്ട്രീയ നേതൃത്വങ്ങൾക്ക് അടിയറവെക്കുന്ന ദയനീയമായ കാഴ്ചയാണ് കേരളീയ സമൂഹത്തിൽ. അത്തരമൊരു സമൂഹത്തിലാണ് ശശി മാരും ജീവൻലാൽമാരും ഉയർന്നുവരുന്നത്.

സമീപകാലത്തായി സി.പി.എമ്മിനകത്ത് സ്ത്രീകൾ അപമാനിക്കപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കപ്പെടുകയാണ്. പുറത്ത് കേട്ടതിലപ്പുറം സംഭവങ്ങൾ അകത്തളത്തിലുണ്ട്. പല പ്രദേശങ്ങളിലും ഇത്തരം നേതാക്കൻമാരെകുറിച്ചുള്ള അടക്കിപ്പിടിച്ച ചർച്ചകൾ നടക്കുന്നുമുണ്ട്. എന്നാൽ നേതൃത്വം ഇടപെട്ട് പല സംഭവങ്ങളും ഒതുക്കി തീർക്കുകയാണ്. അത് യഥാർത്ഥത്തിൽ സാമൂഹ്യവിരുദ്ധശക്തികൾക്ക് വളംവച്ച് കൊടുക്കുകയും ചെയ്യുന്നുണ്ട്.

പരമാവധി മൂടിവെക്കുകയും പൊതുസമൂഹത്തിൽ വിഷയം ചർച്ചയാകുകയും ചെയ്യുന്ന സന്ദർഭത്തിൽ അച്ചടക്ക നടപടിയെടുത്ത് തൽക്കാലം തലയൂരേണ്ടുന്ന വിഷയം മാത്രമാണോ കമ്മ്യൂണിസ്റ്റ് പാർട്ടിയെന്ന് അവകാശപ്പെടുന്ന സംഘടനകളെ സംബന്ധിച്ച് ഇക്കാര്യം. മറിച്ച് ഇത്തരം പ്രവണതകൾ എന്തുകൊണ്ട് ആവർത്തിക്കപ്പെടുന്നുവെന്ന് ചർച്ച ചെയ്യുകയും അതിന് അനുസരിച്ച് രാഷ്ട്രീയ തീരുമാനങ്ങൾ എടുക്കുകയും ചെയ്യേണ്ടുന്ന വിഷയമായി ഇതിനെ കാണാത്തത് എന്തേ.

പാർട്ടി എന്നത് ഒരു അധികാരസംവിധാനമല്ല. പ്രത്യേകിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടി. അത് എല്ലാവിധ ചൂഷണങ്ങളും അവസാനിപ്പിച്ച് പുതിയൊരു ലോകം കെട്ടിപ്പടുക്കാൻ ബാധ്യതപ്പെട്ടവരുടെ പാർട്ടിയാണ്. അതുകൊണ്ട് പാർട്ടിക്ക് അകത്ത് ഒതുക്കിവച്ച് പരിഹരിക്കേണ്ടുന്ന കാര്യമല്ല സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ. പാർട്ടി വിടുന്നവരെ കുലംകുത്തികളായി ആക്ഷേപിച്ച് കൈകാര്യം ചെയ്യുന്ന പാർട്ടിയാണ് സി.പി.എം. എന്നാൽ എന്തുകൊണ്ടാണ് പാർട്ടിക്കകത്ത് നിന്നുകൊണ്ട് അതിന്റെ രാഷ്ട്രീയ സദാചാരത്തെ അപഹസിക്കുന്നവരെ കുലംകുത്തികളായി പരിഗണിക്കാത്തത്. പാർട്ടിയിലെ സ്ത്രീകൾ അപമാനിക്കപ്പെടുമ്പോൾ അത് പാർട്ടി അന്വേഷിച്ച് നടപടി സ്വീകരിക്കുമെന്ന് പറയുന്നതിലെ യുക്തിയും ധാർമ്മികബോധവും എന്താണ്.

യഥാർത്ഥത്തിൽ അത്തരം ആൾക്കാരെ പൊതുസമൂഹത്തിൽ തുറന്നുകാട്ടാനുള്ള ആർജവമാണ് സി.പി.എം പ്രകടിപ്പിക്കേണ്ടത്. പൊതുസമൂഹത്തിന് മുമ്പാകെ ഏറെ വഷളായതിന് ശേഷം തൽക്കാലം നടപടിയെടുക്കുകയും പിന്നീട് തിരിച്ചെടുക്കുകയും ചെയ്യുന്നത് കാപട്യവും വഞ്ചനയുമാണ്. അതിന് പകരം അത്തരം നേതാക്കളെ പരസ്യമായി വിചാരണ ചെയ്യുന്നതിന് പാർട്ടി തന്നെ മുന്നിട്ടിറങ്ങുകയാണെങ്കിൽ അത് സമൂഹത്തെ നവീകരിക്കുകയും പാർട്ടിയെ ശുദ്ധീകരിക്കുകയും ചെയ്യുന്ന മഹാസംഭവമായി മാറും. മോശം പ്രവണതകൾ ആവർത്തിക്കുന്നതിനെ തടയിടുക മാത്രമല്ല, പാർട്ടിയുടെ അന്തസ് വാനോളം ഉയരുന്നതിന് ഇടയാക്കുകയും ചെയ്യും. അതിനുള്ള ആർജവം ഇല്ലാതെ പോകുന്നത്, പേരിൽ മാത്രമാണ് ആ പാർട്ടി കമ്മ്യൂണിസ്റ്റ് എന്നത് കൊണ്ടാണ്.

മനുഷ്യസഹജമാണ് തെറ്റുകളെന്ന് പറഞ്ഞ് സി.പി.എം ഇത്തരം സംഭവങ്ങളെ ലഘൂകരിക്കുകയാണ് പതിവ്. മനുഷ്യസഹജമെന്ന പൊതുസംജ്ഞ തന്നെ കാപട്യമാണ്. സഹജമായ മനുഷ്യവാസനകളെയല്ല കമ്മ്യൂണിസ്റ്റുകാർ പിന്തുടരേണ്ടത്. അതിനപ്പുറം പുതിയൊരു ലോകം കെട്ടിപ്പടുക്കാൻ സ്വയം സമർപ്പിതമായ ജീവിതങ്ങളാണ് അവർ. അവിടെ സ്ത്രീകളെ ലൈംഗികമായി പരിഗണിക്കുന്ന സഹജവാസനയുള്ള ഒരാൾക്ക് കമ്മ്യൂണിസ്റ്റുകാരനാകാൻ കഴിയില്ല. അവരോട് കടക്ക് പുറത്ത് എന്നാണ് പറയേണ്ടത്. അത് പറയാൻ കഴിയാതെ വരുന്നത് . അധികാരത്തിന്റെ ചിത്തഭ്രമം പിടിപെട്ടവർ പരസ്പരം നടത്തുന്ന കൂട്ടുകച്ചവടമാണ് രാഷ്ട്രീയം എന്നതിനാലാണ്.

മുതലാളിത്ത വ്യവസ്ഥയിലെ കുടുംബഘടനയുടെ പ്രത്യേകതയെന്നത് പുരുഷകേന്ദ്രീകൃതമാണ് എന്നതാണ്. അതുകൊണ്ടുതന്നെ ഗാർഹിക പീഡനങ്ങളുടെ കൂടാരവുമാണ് അത്. കുടുംബത്തിനകത്ത് നടക്കുന്ന ലൈംഗിക പീഡനങ്ങൾ ഉൾപ്പെടെയുള്ളവ പലപ്പോഴും ഒതുക്കിത്തീർക്കുകയാണ് പതിവ്. കുടുംബത്തിന്റെ അന്തസ് സംരക്ഷിക്കുകയെന്ന ഫ്യൂഡൽ മനോഭാവമാണ് അതിന് കാരണം. ഇത്തരം ഫ്യൂഡൽ മനോഭാവമല്ല ആധുനിക സമൂഹത്തിൽ പാർട്ടികൾക്കുണ്ടാകേണ്ടത്. മാത്രമല്ല ഗാർഹിക പീഡനങ്ങൾക്ക് എതിരെ ശക്തമായ നിയമനിർമ്മാണത്തിന് വാദിക്കുന്ന പാർട്ടി, അതിനകത്ത് സംഭവിക്കുന്ന കാര്യങ്ങളെ അത് ഞങ്ങളുടെ കുടുംബകാര്യം എന്ന മട്ടിൽ പരിഹരിക്കാൻ ശ്രമിക്കുന്നത് എന്തുമാത്രം ലജ്ജാകരമാണ്. ദിലീപിന്റെ കേസിൽ 'അമ്മ' സംഘടന എടുത്ത നിലപാടിൽ നിന്ന് എന്ത് വ്യത്യാസമാണ് സി.പി.എം നിലപാടിനുള്ളത്.

നിയമവാഴ്ചയെ കൂടി വെല്ലുവിളിക്കുകയാണ് ശശി എം.എൽ.എയുടെ കാര്യത്തിൽ സി.പി.എം. ശശിക്ക് എതിരെ ഡി.വൈ.എഫ്.ഐ വനിത നേതാവ് നൽകിയ പരാതി അന്വേഷിക്കുന്നത് സി.പി.എം കേന്ദ്ര കമ്മിറ്റിയംഗങ്ങളായ എ.കെ. ബാലനും പി.കെ. ശ്രീമതിയുമാണ് . എ.കെ. ബാലൻ കേരളത്തിലെ നിയമമന്ത്രിയാണ്. അദ്ദേഹത്തിന്റെ മുമ്പാകെ എത്തിയ ലൈംഗിക പീഡന പരാതി നിയമനടപടികൾക്ക് വേണ്ടി കൈമാറാൻ തയ്യാറാകാത്തത് മന്ത്രിയെന്ന നിലയിൽ അദ്ദേഹം നടത്തുന്ന കുറ്റകൃത്യമാണ്. ഇതെന്താ വെള്ളരിക്കാ പട്ടണമാണോ!

വായനാമൽസരം മേഖലാതലം 16ന്

കണ്ണൂർ: ലൈബ്രറി കൗൺസിൽ സംഘടിപ്പിക്കുന്ന വനിതകളുടെയും എൽ.പി, യു.പി വിദ്യാർത്ഥികളുടെയും വായനാമൽസരം മേഖലതലം 16ന് നടക്കും. രാവിലെ പത്ത് മുതൽ 26 മേഖലാ കേന്ദ്രങ്ങളിലാണ് മൽസരം. സ്കൂൾ തലത്തിൽ നിന്ന് തെരഞ്ഞെടുത്ത മൂന്ന് വീതം എൽപി, യുപി വിദ്യാർത്ഥികളും വായനശാലാ തലത്തിൽ നിന്ന് തെരഞ്ഞെടുത്ത 3 വനിതകളുമാണ് മേഖലാ മൽസരത്തിൽ പങ്കെടുക്കുക. നേരത്തെ നിശ്ചയിച്ച പുസ്തകത്തിൽ നിന്നും പൊതു വിജ്ഞാനത്തെയും അടിസ്ഥാനമാക്കിയാണ് ചോദ്യം തയ്യാറാക്കുക. തളിപ്പറമ്പ് താലൂക്കിൽ പയ്യന്നൂർ ബോയ്സ് സ്കൂൾ, കരിവെള്ളൂർ മാനൃഗുരു യുപി, ആലക്കോട് എൻ.എസ്.എസ് ഹയർസെക്കന്ററി, പരിയാരം, മയ്യിൽ, പറശ്ശിനിക്കടവ്, ശ്രീകണ്ഠാപുരം, മാത്തിൽ, വയക്കര സ്കൂളുകളിൽ നടക്കും.

വായാട്ടുപറമ്പിൽ കോഴിക്കള്ളൻമാർ

ആലക്കോട്: വായാട്ടുപറമ്പ് പള്ളിക്കവളയിലും പരിസരങ്ങളിലും കോഴി മോഷ്ടാക്കൾ വിലസുന്നത് പ്രദേശത്തെ ജനങ്ങളെ വലയ്ക്കുന്നു. രാത്രി കാലങ്ങളിൽ വീടുകളോട് ചേർന്നുള്ള കൂടുകളിൽ നിന്ന് അതിവിദഗ്ധമായാണ് കോഴികളെ മോഷ്ടിച്ച് കടത്തുന്നത്. കൂടുകൾ തുറന്നാണ് മോഷണം. പിന്നീട് അടച്ച് വെയ്ക്കുകയും ചെയ്യും. കഴിഞ്ഞ ദിവസങ്ങളിൽ നിരവധി വീടുകളിൽ മോഷണം നടന്നു. മദ്യപ സംഘങ്ങളാണ് കോഴിമോഷണത്തിന് പിന്നിലെന്നാണ് സംശയിക്കുന്നത്.

കരുവഞ്ചാൽ കാലായിമുക്കിൽ അപകടമുയർത്തുന്ന കൂറ്റൻപാറ

വീടുകൾക്ക് അപകട ഭീഷണിയുയർത്തി ഭീമൻ പാറ: പരിസരവാസികൾ ഭീതിയിൽ

ആലക്കോട്: ഏത് നിമിഷവും താഴേക്ക് പതിക്കാവുന്നവിധത്തിൽ സ്ഥിതി ചെയ്യുന്ന ഭീമൻപാറ പരിസരവാസികൾക്ക് വൻ അപകടഭീഷണിയുയർത്തുന്നു. കരുവഞ്ചാൽ ടൗണിന് സമീപം കാലായി മുക്കിൽ സ്വകാര്യ വ്യക്തിയുടെ പറമ്പിൽ സ്ഥിതി ചെയ്യുന്ന പടുകൂറ്റൻ പാറയാണ് സമീപവാസികൾക്ക് ഏറെ അപകടാവസ്ഥ സൃഷ്ടിക്കുന്നത്. പ്രദേശത്തെ ഉയർന്ന ഭാഗത്തായി അത്യന്തം അപകടാവസ്ഥ ഉയർത്തുന്ന വിധത്തിലാണ് പാറ സ്ഥിതി ചെയ്യുന്നത്. പരിസരത്തും താഴ്ഭാഗത്തുമായി നിരവധി വീടുകളാണുള്ളത്. ശക്തമായൊരു ചലനമുണ്ടായാൽ പാറ താഴേക്ക് പതിക്കുമെന്ന സ്ഥിതിയാണ്. ഇത് വലിയ അപകടങ്ങൾക്ക് വഴിയൊരുക്കുമെന്ന ആശങ്കയിലാണ് പരിസരവാസികൾ. അധികൃതർ ഇടപെട്ട് പാറ പൊട്ടിച്ച് നീക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യമുയർന്നു.

പ്രളയത്തിൽ കാർഷിക വിളകൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകണം

കണ്ണൂർ: പ്രളയം കാരണം കാർഷിക വിളകൾക്ക് നഷ്ടം സംഭവിച്ചവർക്ക് സർക്കാർ അടിയന്തരമായി ധനസഹായം നൽകണമെന്ന് കർഷക മോർച്ച കണ്ണൂർ ജില്ലാ കമ്മിറ്റി യോഗം ആവശ്യപ്പെട്ടു. കൃഷിഭൂമി ഒലിച്ചുപോയവർക്ക് പകരം ഭൂമി നൽകണമെന്നും കൃഷിയോഗ്യമല്ലാതായി തീർന്ന സ്ഥലങ്ങൾ കൃഷിയോഗ്യമാക്കികൊടുക്കണമെന്നും ആവശ്യപ്പെട്ടു. പ്രളയത്തിൽ ജീവൻ പൊലിഞ്ഞവർക്ക് യോഗം ആദരാഞ്ജലി അർപ്പിച്ചു. ടി.സി.മനോജ് അധ്യക്ഷത വഹിച്ചു. പി.സത്യപ്രകാശ്, പി.കെ.വേലായുധൻ, പി.ബാബു. എം.രാഘവൻ, പി.വി.നാരായണൻ നായർ സംസാരിച്ചു.

പരപ്പ ക്വാറിയുടെ പ്രവർത്തനം തടയണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് പരാതി

ആലക്കോട്: പരിസ്ഥിതി ദുർബല മേഖലയിലുള്ള പരപ്പ ക്വാറിയുടെ പ്രവർത്തനം പൂർണ്ണമായി തടയണമെന്നാവശ്യപ്പെട്ട് ക്വാറിക്കെതിരെ സമര രംഗത്തുള്ള പരപ്പ-നെടുവോട് ജനകീയ വികസന സമിതി മുഖ്യമന്ത്രിക്ക് പരാതി നൽകി. സമിതി കൺവീനർ ജോസഫ് തോമസിന്റെ നേതൃത്വത്തിലാണ് പരാതി നൽകിയത്. സമീപ കാലത്തുണ്ടായ പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിലാണ് പരപ്പ ക്വാറിക്കെതിരെ ജനകീയ വികസന സമിതി മുഖ്യമന്ത്രിയെ സമീപിച്ചത്. അതീവ പരിസ്ഥിതി ദുർബല മേഖലയിലുൾപ്പെട്ടതും ഉരുൾപൊട്ടൽ ദുരന്തങ്ങൾ തുടർക്കഥയാവുകയും ചെയ്യുന്ന റെഡ്സോൺ മേഖലയിൽ സ്ഥിതി ചെയ്യുന്ന ക്വാറിയുടെ പ്രവർത്തനം ഹൈക്കോടതി ഉത്തരവിനെ തുടർന്ന് താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണെങ്കിലും ക്വാറി പുനരാരംഭിക്കുന്നതിന് കൊണ്ടുപിടിച്ച ശ്രമങ്ങൾ നടന്നുവരികയാണെന്നും കഴിഞ്ഞ ആഗസ്ത് 14, 16 തീയതികളിലായി ക്വാറി പ്രദേശത്ത് മൂന്ന് ഉരുൾപൊട്ടലുകൾ സംഭവിച്ചതായും ക്വാറിയുടെ പ്രവർത്തനം ഇനിയും ആരംഭിക്കുന്നതിനുള്ള നീക്കം പ്രദേശത്തെ ഏറെ ഭീതിയിലാഴ്ത്തിയിരിക്കുകയാണെന്നും പരാതിയിൽ ചൂണ്ടിക്കാട്ടി.

വെള്ളാട് റോഡിനോടുള്ള അവഗണന; യു.ഡി.എഫ് പ്രതിഷേധ മാർച്ച് നടത്തുന്നു

ആലക്കോട്: കരുവഞ്ചാൽ-വെള്ളാട് റോഡിനോട് എൽ.ഡി.എഫ് സർക്കാർ കാട്ടുന്ന അവഗണന അവസാനിപ്പിക്കുക, പാതി വഴിയിൽ നിറുത്തിവെച്ച മെക്കാഡം ടാറിംഗ് പ്രവൃത്തി ഉടൻ പുനരാരംഭിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് കരുവഞ്ചാൽ മേഖലാ യു.ഡി.എഫ് കമ്മിറ്റി ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ബഹുജന പ്രതിഷേധ മാർച്ച് 13ന് നടക്കും. വ്യാഴാഴ്ച ഉച്ച കഴിഞ്ഞ് 2.30ന് വെള്ളാട് പള്ളിക്കവലയിൽ നിന്ന് കരുവഞ്ചാൽ ടൗണിലേയ്ക്കാണ് മാർച്ച്. പ്രമുഖ നേതാക്കൾ പങ്കെടുക്കും.

അനധികൃത നിർമ്മാണ പ്രവൃത്തി പഞ്ചായത്ത് തടഞ്ഞു

ആലക്കോട്: റോഡിലേക്ക് ഇറങ്ങിയുള്ള അനധികൃത നിർമ്മാണ പ്രവൃത്തി പഞ്ചായത്ത് തടഞ്ഞു. ആലക്കോട് ടൗണിൽ വ്യാപാര സ്ഥാപനവുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തിയാണ് തടഞ്ഞത്. ദൂരപരിധി നിയമം ലംഘിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പഞ്ചായത്ത് സെക്രട്ടറി പ്രസന്ന കുമാറിന്റെ നേതൃത്വത്തിലാണ് ഇത് തടഞ്ഞത്. കൂടുതൽ അന്വേഷണം നടത്തി കർശന നടപടികൾ സ്വീകരിക്കുമെന്ന് സെക്രട്ടറി അറിയിച്ചു.

പയ്യന്നൂർ ജാമിഅ അസ്ഹരിയ്യ സനദ് ദാന സമ്മേളന സ്വാഗത സംഘം ഓഫീസ് ഉദ്ഘാടനം വൈസ് പ്രിൻസിപ്പൾ കബീർ ഫൈസി ചെറുകോട് നിർവ്വഹിക്കുന്നു

താഴ്ന്നു കിടക്കുന്ന വൈദ്യുതി ലൈനിൽ ലോറി തട്ടിയത് അപകടമുയർത്തി

ആലക്കോട്: താഴ്ന്നു കിടക്കുന്ന വൈദ്യുതി ലൈനിൽ വാഹനങ്ങൾ തട്ടുന്നത് അപകടമുയർത്തുന്നു. നെല്ലിപ്പാറ ടൗണിൽ മെയിൻ റോഡിലാണ് അപകടാവസ്ഥ ഉടലെടുത്തിരിക്കുന്നത്. കുറച്ചു കാലമായി വൈദ്യുതി ലൈൻ ഇവിടെ താഴ്ന്നാണ് കിടക്കുന്നത്. ഇതിനിടെ മലയോര ഹൈവേ പ്രവൃത്തി വന്നതോടെ റോഡ് ഒരു മീറ്റർ റോളം ഉയരുകയും ചെയ്തു. ഇതോടെ ഭാരവാഹനങ്ങൾ ലൈനിൽ തട്ടുന്നത് പതിവായി. ഇന്നലെ ഈറ്റ കയറ്റി വന്ന ലോറി ലൈനിൽ തട്ടിയതിനെ തുടർന്ന് വൈദ്യുതി പ്രവഹിച്ച് തീ കത്തിയത് ആളുകളെ പരിഭ്രാന്തിയിലാഴ്ത്തി. ഭാഗ്യം കൊണ്ടാണ് അപകടമൊഴിവായത്. റോഡിൽ പാർക്ക് ചെയ്തിരുന്ന മറ്റ് വാഹനങ്ങളും തീ പിടിക്കാതെ രക്ഷപ്പെട്ടു. വൈദ്യുതി ലൈൻ ഉയർത്തിക്കെട്ടുന്നതിന് അധികൃതർ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യമുയർന്നു.

രയരോം – മൂലോത്തുംകുന്ന് റോഡ് തകർന്നു; കലുങ്ക് നിർമ്മിക്കണമെന്ന് ആവശ്യം

ആലക്കോട്: രയരോം-മൂലോത്തുംകുന്ന് റോഡ് തകർച്ചയിലായത് മേഖലയിലെ ജനങ്ങൾക്ക് കടുത്ത യാത്രാദുരിതമുയർത്തുന്നു. മൂലോത്തുംകുന്ന് കുണ്ടേരി പ്രദേശങ്ങളെ നൂറുകണക്കിന് കുടുംബങ്ങളെ തേർത്തല്ലി-ആലക്കോട് പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡാണ് തകർന്നു കിടക്കുന്നത്. മലയോര ഹൈവേയിൽ നിന്ന് ആരംഭിക്കുന്നതാണ് മൂലോത്തുംകുന്ന് റോഡ്. മിക്ക ഭാഗത്തും ടാറിംഗ് പൊട്ടിപ്പൊളിഞ്ഞ് വലിയ കുഴികളാണ് റോഡിൽ.

കാലങ്ങളായി യാതൊരുവിധ അറ്റകുറ്റപ്പണികളും റോഡിൽ നടക്കാറില്ല. അംഗൻവാടിക്ക് സമീപം റോഡിൽ മഴക്കാലമായാൽ നിറയെ വെള്ളക്കെട്ടാണ്. റോഡിന് കലുങ്ക് ഇല്ലാത്തതാണ് കാരണം. ഇവിടെ എത്രയും വേഗത്തിൽ കലുങ്ക് നിർമ്മിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെടുന്നുണ്ടെങ്കിലും അധികൃതർ ഇത് കേട്ട ഭാവം പോലും നടിക്കുന്നില്ല. മൂലോത്തുംകുന്ന് റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി വീതി കൂട്ടി റി ടാറിംഗ് പ്രവൃത്തി നടത്തുന്നതിന് അധികൃതർ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യമുയർന്നു.

ടാറിംഗ് തകർന്ന് തകർച്ചയിലായ രയരോം-മൂലോത്തുംകുന്ന് റോഡിലെ വെള്ളക്കെട്ട്

ജാമിഅ അസ്ഹരിയ്യ സനദ് ദാന സമ്മേളനം: സ്വാഗതസംഘം ഓഫീസ് തുറന്നു

പയ്യന്നൂർ: ഒക്ടോബർ 19, 20, 21 തിയ്യതികളിൽ നടക്കുന്ന കേരളത്തിലെ പ്രമുഖ മതപഠന കേന്ദ്രമായ പയ്യന്നൂർ ജാമിഅ അസ്ഹരിയ്യ അറബിയ്യ പതിനഞ്ചാം വാർഷിക ആറാം സനദ് ദാന സമ്മേളന സ്വാഗത സംഘം ഓഫീസ് പയ്യന്നൂരിൽ തുറന്നു. ജാമിഅ അസ്ഹരിയ്യ വൈസ് പ്രിൻസിപ്പൾ കെ.എ കബീർ ഫൈസി ചെറുകോട് ഉദ്ഘാടനം നിർവ്വഹിച്ചു. കെ.പി.പി തങ്ങൾ അൽ ബുഖാരി അധ്യക്ഷനായി.

മിദ്ലാജ് തങ്ങൾ അൽ ബുഖാരി, മുഹമ്മദ് രാമന്തളി, ശരീഫ് ഹാജി, നൂറുദ്ധീൻ ഹാജി പയ്യന്നൂർ, എം.കെ ബഷീർ, മുഹമ്മദലി ആലിങ്കീഴിൽ, സുൽഫിക്കർ അലി, മുസ്തഫ ഹാജി, അഫ്സൽ രാമന്തളി, മജീദ് ഹാജി വെള്ളൂർ, സുലൈമാൻ കാറമ്മേൽ, ഇബ്രാഹിം പാലത്തറ, കെ.ജമാൽ, പയ്യന്നൂർ, ഇഖ്ബാൽ അൽ അസ്ഹരി സംസാരിച്ചു.

പറശിനിക്കടവ് ലയൺസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ വി. കുഞ്ഞിരാമൻ മാസ്റ്ററെ ആദരിക്കുന്നു.

ലയൺസ് ക്ലബ് ആദരിച്ചു

പറശിനിക്കടവ്: ദീർഘകാലത്തെ അധ്യാപന ജീവിതത്തിന് ശേഷം വിരമിച്ച പറശ്ശിനിക്കടവ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന വി. കുഞ്ഞിരാമൻ മാസ്റ്ററെ പറശിനിക്കടവ് ലയൺസ് ക്ലബ് ആദരിച്ചു.

പ്രസിഡന്റ് കെ.പി. ഇബ്രാഹിംകുട്ടി ഉദ്ഘാടനം ചെയ്തു. പി. പി. ചന്ദ്രൻ പൊന്നാടയണിയിക്കുകയും കെവി കരുണാകരൻ മൊമന്റോ സമർപ്പിക്കുകയും ചെയ്തു. കെ.ടി രമേഷ്, ഒ.ടി രാജീവൻ സംസാരിച്ചു.

ഗ്രന്ഥശാലാ വാരാചരണം ഉദ്ഘാടനം 14ന്

കണ്ണൂർ: ഗ്രന്ഥശാലാ വാരാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനവും ലൈബ്രറി കൗൺസിൽ മുൻ ജില്ലാ സെക്രട്ടറി പി.കെ.നാരായണൻ അനുസ്മരണവും 14ന് വൈകിട്ട് 3.30ന് ജില്ലാ ലൈബ്രറി ഹാളിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും. 14 മുതൽ 21 വരെയാണ് ഗ്രന്ഥശാലാ വാരാചരണം നടത്തുന്നത്. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിന്റെ അതിജീവനവും പുനർനിർമ്മാണവും എന്ന വിഷയത്തിൽ ലൈബ്രറികൾ കേന്ദ്രീകരിച്ച് പ്രഭാഷണം നടത്തും.

മൃഗസംരക്ഷണ സംരംഭക സംഗമം നടത്തി

തളിപ്പറമ്പ്: മൃഗസംരക്ഷണ മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ട് തെരഞ്ഞെടുക്കപ്പെട്ട കർഷകരെ പങ്കെടുപ്പിച്ച് തളിപ്പറമ്പ് താലൂക്കിലെ മൃഗസംരക്ഷണ സംരംഭക സംഗമം നടത്തി. സംഗമം ജയിംസ് മാത്യു എം.എൽ.എ ഉദ്ഘാടനം ചെയ്തു. നഗരസഭ ചെയർമാൻ അള്ളാംകുളം മഹമൂദ് അദ്ധ്യക്ഷത വഹിച്ചു. വൈസ് ചെയർമാൻ വത്സല പ്രഭാകരൻ, കൗൺസിലർ കെ .വത്സരാജൻ സംസാരിച്ചു. ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ: ആർ.രാജൻ പദ്ധതി വിശദീകരിച്ചു.

വിവിധ വിഷയങ്ങളിൽ ഡോ: സി.പി.പ്രസാദ്, ഡോ: പി.എൻ.ഷിബു, ഡോ: എസ്.വിഷ്ണു, ഇ.എ.വാസുദേവൻ നമ്പൂതിരി എന്നിവർ ക്ലാസ്സെടുത്തു. ഡോ: കെ.വി.സന്തോഷ് കുമാർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. പയ്യന്നൂർ എ.പി.ഒ: കെ.എം സതീശൻ ചർച്ച ക്രോഡീകരിച്ചു. വെറ്ററിനറി പോളിക്ലിനിക്കിലെ സീനിയർ വെറ്ററിനറി സർജൻ ഡോ: കെ.വി.സന്തോഷ് കുമാർ സ്വാഗതവും. വെറ്ററിനറി സർജൻ ഡോ: ഇ.സോയ നന്ദിയും പറഞ്ഞു.

തളിപ്പറമ്പ് താലൂക്കിതല മൃഗസംരക്ഷണ സംരംഭക സംഗമം ജയിംസ് മാത്യു എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.

സീതി എൻ.എസ്.എസ് കുണ്ടാംകുഴിയെ ദത്ത് ഗ്രാമമായി തിരഞ്ഞെടുത്തു

തളിപ്പറമ്പ: സീതി സാഹിബ് ഹയർസെക്കന്ററി സ്കൂൾ എൻ.എസ്.എസിന്റെ കീഴിൽ 2018-19 വർഷത്തെ വിവിധ പ്രവർത്തനങ്ങൾക്കായി തളിപ്പറമ്പ മുനിസിപ്പാലിറ്റിയിലെ ഒമ്പതാം വാർഡായ കുണ്ടാംകുഴിയെ ദത്ത് ഗ്രാമമായി തെരഞ്ഞെടുത്തു.

ദത്ത് ഗ്രാമം പ്രഖ്യാപനം മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ വത്സലാ പ്രഭാകരൻ നിർവ്വഹിച്ചു. പ്ലാസ്റ്റിക് നിർമ്മാർജ്ജനം, അടുക്കളത്തോട്ടം നിർമ്മാണം, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ശുചിത്വ ഗ്രാമം പദ്ധതി, സാക്ഷരതാ പ്രവർത്തനം, വയോജന പരിപാലനം തുടങ്ങി വിവിധ പ്രവർത്തനങ്ങൾ എൻ എസ് എസ് വളണ്ടിയർമാർ ഏറ്റെടുത്ത് നടത്തും.

വിവിധ പദ്ധതികളെ കുറിച്ചുള്ള ചർച്ചയ്ക്ക് വാർഡ് കൗൺസിലർ കെ.പി ഖദീജ, എൻ എസ് എസ് പ്രോഗ്രാം ഓഫീസർ മൊയ്തു പാറമ്മൽ, സാക്ഷരതാ പ്രേരക് ലത, ആശാ വർക്കർമാർ നേതൃത്വം നൽകി. പ്രിൻസിപ്പൽ എം കാസിം, പിടിഎ പ്രസിഡണ്ട് സക്കീർ ഹുസൈൻ, കൗൺസിലർ പി.സി നസീർ, അബ്ബൂൾ സമദ്, മുട്ട അഷ്റഫ്, അൽത്താഫ് സംസാരിച്ചു